# New York State അസാന്നിധ്യ ബാലറ്റ് അപേക്ഷ

**ദയവായി വ്യക്തമായി പ്രിന്റ് ചെയ്യുക.** വിശദമായ നിർദ്ദേശങ്ങൾ കാണുക.

അസാന്നിധ്യ ബാലറ്റ് ലഭിക്കുന്നതിന്: നേരിട്ട് - അപേക്ഷ തിരഞ്ഞെടുപ്പിന് തലേദിവസമെങ്കിലും നിങ്ങളുടെ ഇലക്ഷൻ കൗണ്ടി ബോർഡിൽ നേരിട്ട് എത്തിക്കണം. മെയിൽ വഴി - അപേക്ഷ തിരഞ്ഞെടുപ്പിന് 10 തലേദിവസമെങ്കിലും നിങ്ങളുടെ ഇലക്ഷൻ കൗണ്ടി ബോർഡിൽ നേരിട്ട് എത്തിക്കണം.

ബാലറ്റ് ഒന്നുകിൽ തിരഞ്ഞെടുപ്പ് ദിവസം വോട്ടെടുപ്പ് അവസാനിക്കുന്നതിനു മുമ്പ് നിങ്ങളുടെ കൗണ്ടിയിലെ ഇലക്ഷൻ ബോർഡിൽ നേരിട്ടു നൽകണം, അല്ലെങ്കിൽ കുറഞ്ഞത് തിരഞ്ഞെടുപ്പ് ദിവസമെങ്കിലും ഒരു സർക്കാർ തപാൽ സേവനം മുഖേന പോസ്റ്റ് ചെയ്യുകയും തിരഞ്ഞെടുപ്പ് കഴിഞ്ഞ് 7 ദിവസത്തിനുള്ളിൽ ലഭിക്കുകയും വേണം.

*BOARD USE ONLY:*

*Town/City/Ward/Dist:* ______________________

*Registration No:* ______________

*Party:* ______________________

☐ *voted in office*

**1.** **ഞാൻ സത്യസന്ധമായ രീതിയിൽ ഒരു അസാന്നിധ്യ ബാലറ്റ് അഭ്യർത്ഥിക്കുന്നു, കാരണം (ഒരു കാരണം അടയാളപ്പെടുത്തുക):**

- ☐ തിരഞ്ഞെടുപ്പ് ദിവസം കൗണ്ടിയിലോ ന്യൂയോർക്ക് നഗരത്തിലോ ഇല്ലാതിരിക്കുക
- ☐ താൽക്കാലികമായ രോഗം അല്ലെങ്കിൽ ശാരീരിക വൈകല്യം
- ☐ സ്ഥിരമായ രോഗം അല്ലെങ്കിൽ ശാരീരിക വൈകല്യം
- ☐ രോഗികളോ ശാരീരിക വൈകല്യമുള്ളവരോ ആയ ഒന്നോ അതിലധികമോ വ്യക്തികളുടെ പ്രാഥമിക പരിചരണവുമായി ബന്ധപ്പെട്ട കടമകൾ
- ☐ വെറ്ററൻസ് ഹെൽത്ത് അഡ്മിനിസ്ട്രേഷൻ ആശുപത്രിയിലെ രോഗിയായ താമസക്കാരൻ
- ☐ ജയിലിൽ/തടവിൽ തടങ്കലിൽ വയ്ക്കൽ, വിചാരണ കാത്തിരിക്കുന്നു, ഒരു ഗ്രാൻഡ് ജൂറിയുടെ നടപടി കാത്തിരിക്കുന്നു, അല്ലെങ്കിൽ ഒരു കുറ്റകൃത്യം ചുമത്തിയതിനാലോ ഒരു വലിയ കുറ്റകൃത്യമല്ലാതിരുന്ന കുറ്റകൃത്യത്താലോ ജയിലിലാണ്

**2.** അസാന്നിധ്യ ബാലറ്റ്(കൾ) ഇനിപ്പറയുന്ന ഇലക്ഷനായി(കൾക്കായി) അഭ്യർത്ഥിക്കുന്നു:

- ☐ പ്രാഥമിക തിരഞ്ഞെടുപ്പിന് മാത്രം
- ☐ പൊതുതിരഞ്ഞെടുപ്പിന് മാത്രം
- ☐ പ്രത്യേക തിരഞ്ഞെടുപ്പിന് മാത്രം
- ☐ ഇനിപ്പറയുന്ന തീയതികൾക്കിടയിൽ നടക്കുന്ന ഏതൊരു ഇലക്ഷനും: അസാന്നിധ്യം ആരംഭിക്കുന്നത്: ____/____/____ (മാസം/ദിവസം/വർഷം) അസാന്നിധ്യം അവസാനിക്കുന്നത്: ____/____/____ (മാസം/ദിവസം/വർഷം)

**3.**

| പേരിന്റെ അവസാനഭാഗം അല്ലെങ്കിൽ കുടുംബ നാമം | പേരിന്റെ ആദ്യഭാഗം | പേരിന്റെ മധ്യഭാഗം | സഫിക്സ് |
|---|---|---|---|
| | | | |

**4.**

| ജനനത്തീയതി (മാസം/ദിവസം/വർഷം) | നിങ്ങൾ താമസിക്കുന്ന കൗണ്ടി | ഫോൺ നമ്പർ (ഓപ്ഷണൽ) | ഇമെയിൽ (ഓപ്ഷണൽ) |
|---|---|---|---|
| | | | |

**5.**

| നിങ്ങൾ താമസിക്കുന്ന വിലാസം (റെസിഡൻസ്) സ്ട്രീറ്റ് | അപ്പാർട്ട്മെന്റ് | നഗരം | സംസ്ഥാനം | സിപ്പ് കോഡ് |
|---|---|---|---|---|
| | | | **NY** | |

**6.** പ്രൈമറി ഇലക്ഷൻ ബാലറ്റിന്റെ ഡെലിവറി (ഒരെണ്ണം അടയാളപ്പെടുത്തുക)

- ☐ ഇലക്ഷൻ ബോർഡിൽ എനിക്ക് നേരിട്ട് നൽകുക
- ☐ ഞാൻ ഈ വ്യക്തിയെ അധികാരപ്പെടുത്തുന്നു (പേര് നൽകുക): ______________________ ഇലക്ഷൻ ബോർഡിൽ നിന്ന് എന്റെ ബാലറ്റ് വാങ്ങുന്നതിനു വേണ്ടി
- ☐ ബാലറ്റ് എനിക്ക് മെയിലിൽ അയയ്ക്കുക, മേൽവിലാസം: (മെയിൽ വിലാസം)

| സ്ട്രീറ്റ് നം. | സ്ട്രീറ്റിന്റെ പേര് | അപ്പാർട്ട്മെന്റ് | നഗരം | സംസ്ഥാനം | സിപ്പ് കോഡ് |
|---|---|---|---|---|---|
| | | | | | |

**7.** ജനറൽ (അല്ലെങ്കിൽ പ്രത്യേക) ഇലക്ഷൻ ബാലറ്റ് ഡെലിവറി (ഒരെണ്ണം അടയാളപ്പെടുത്തുക)

- ☐ ഇലക്ഷൻ ബോർഡിൽ എനിക്ക് നേരിട്ട് നൽകുക
- ☐ ഞാൻ ഈ വ്യക്തിയെ അധികാരപ്പെടുത്തുന്നു (പേര് നൽകുക): ______________________ ഇലക്ഷൻ ബോർഡിൽ നിന്ന് എന്റെ ബാലറ്റ് വാങ്ങുന്നതിനു വേണ്ടി
- ☐ ബാലറ്റ് എനിക്ക് തപാലിൽ അയയ്ക്കുക, മേൽവിലാസം: (തപാൽ വിലാസം)

| സ്ട്രീറ്റ് നം. | സ്ട്രീറ്റിന്റെ പേര് | അപ്പാർട്ട്മെന്റ് | നഗരം | സംസ്ഥാനം | സിപ്പ് കോഡ് |
|---|---|---|---|---|---|
| | | | | | |

## അപേക്ഷിക്കുന്ന വ്യക്തി താഴെ ഒപ്പിടേണ്ടതാണ്

**8.** ഞാൻ ഒരു യോഗ്യതയുള്ള, രജിസ്റ്റർ ചെയ്ത (കൂടാതെ പ്രൈമറിക്ക് വേണ്ടി, എൻറോൾ ചെയ്ത) വോട്ടറാണെന്നും ഈ അപേക്ഷയിലെ വിവരങ്ങൾ സത്യവും ശരിയുമാണെന്നും, ഈ അപേക്ഷ എല്ലാ ആവശ്യങ്ങൾക്കും ഒരു സത്യവാങ്മൂലത്തിന് തുല്യമായി അംഗീകരിക്കപ്പെടുമെന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു, അതിൽ വസ്തുതാപരമായി തെറ്റായ ഒരു പ്രസ്താവന അടങ്ങിയിട്ടുണ്ടെങ്കിൽ, ഞാൻ സത്യപ്രതിജ്ഞ ചെയ്തതു പ്രകാരമുള്ള അതേ ശിക്ഷകൾക്ക് ഞാൻ വിധേയനാകുന്നതാണ്.

**ഇവിടെ ഒപ്പിടുക: X** ______________________ **തീയതി** ____/____/____ (മാസം/ദിവസം/വർഷം)

അസുഖം, ശാരീരിക വൈകല്യം അല്ലെങ്കിൽ വായിക്കാനുള്ള കഴിവില്ലായ്മ എന്നിവ കാരണം അപേക്ഷിക്കുന്ന വ്യക്തിക്ക് ഒപ്പിടാൻ കഴിയുന്നില്ലെങ്കിൽ, ചുവടെ പറയുന്ന പ്രസ്താവന നടത്തേണ്ടതാണ്. ചുവടെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നതു പ്രകാരം, രോഗം അല്ലെങ്കിൽ ശാരീരിക വൈകല്യം കാരണം അല്ലെങ്കിൽ എനിക്ക് വായിക്കാൻ കഴിയാത്തതു മൂലം എനിക്ക് എഴുതാൻ കഴിയാത്തതിനാൽ, സഹായമില്ലാതെ അസാന്നിധ്യ ബാലറ്റിനുള്ള എന്റെ അപേക്ഷയിൽ ഒപ്പിടാൻ കഴിയില്ലെന്ന് ഞാൻ ഇതിനാൽ പ്രസ്താവിക്കുന്നു. എന്റെ ഒപ്പിനു പകരമായി എന്റെ അടയാളം ഞാൻ, അല്ലെങ്കിൽ പരസഹായത്തോടെ, നൽകിയിരിക്കുന്നു. (പവർ ഓഫ് അറ്റോർണി അല്ലെങ്കിൽ മുൻകൂർ അച്ചടിച്ച നെയിം സ്റ്റാമ്പുകൾ അനുവദനീയമല്ല/ വിശദമായ നിർദ്ദേശങ്ങൾ കാണുക.)

തീയതി ____/____/____ (മാസം/ദിവസം/വർഷം) വോട്ടറുടെ പേര്: ______________________ അടയാളം: ____________

ചുവടെ ഒപ്പിട്ടിരിക്കുന്ന ഞാൻ, ഇതിനാൽ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു; മുകളിൽ പേര് പരാമർശിച്ചിട്ടുള്ള വോട്ടർ എന്റെ സാന്നിധ്യത്തിൽ ഈ അപേക്ഷയിൽ അവരുടെ അടയാളം പതിപ്പിച്ചു, കൂടാതെ പ്രസ്തുത അപേക്ഷയിൽ അദ്ദേഹത്തിന്റെ അല്ലെങ്കിൽ അവരുടെ അടയാളം പതിപ്പിച്ച വ്യക്തി അദ്ദേഹം അല്ലെങ്കിൽ അവർ തന്നെയാണെന്ന് എനിക്കറിയാം, ഈ പ്രസ്താവന എല്ലാ ആവശ്യങ്ങൾക്കും ഒരു സത്യവാങ്മൂലത്തിന് തുല്യമായി അംഗീകരിക്കപ്പെടുമെന്നും അതിൽ വസ്തുതാപരമായി തെറ്റായ ഒരു പ്രസ്താവന അടങ്ങിയിട്ടുണ്ടെങ്കിൽ, ഞാൻ സത്യപ്രതിജ്ഞ ചെയ്തതു പ്രകാരമുള്ള അതേ ശിക്ഷകൾക്ക് ഞാൻ വിധേയനാകുമെന്നും ഞാൻ മനസ്സിലാക്കുന്നു.

______________________ ______________________ (അടയാളത്തിന്റെ സാക്ഷിയുടെ ഒപ്പ്)

______________________ (അടയാളത്തിന്റെ സാക്ഷിയുടെ മേൽവിലാസം)

**Board Use Only**

## നിർദ്ദേശങ്ങൾ:

**അസാന്നിധ്യ ബാലറ്റിന് ആർക്കൊക്കെ അപേക്ഷിക്കാം?**
ഓരോ വ്യക്തിയും സ്വയം അപേക്ഷിക്കണം. അസാന്നിധ്യ ബാലറ്റിനുള്ള അപേക്ഷയിൽ തെറ്റായ പ്രസ്താവന നടത്തുക, നിയമവിരുദ്ധമായ ബാലറ്റ് ഇടാൻ ശ്രമിക്കുക, അല്ലെങ്കിൽ നിയമവിരുദ്ധമായ ബാലറ്റ് ഇടാൻ ആരെയെങ്കിലും സഹായിക്കുക എന്നിവ ഒരു കുറ്റകൃത്യമാണ്.

**സൈന്യത്തിലും വിദേശത്തുമുള്ള വോട്ടർമാർക്കുള്ള വിവരങ്ങൾ:**
നിങ്ങളോ നിങ്ങളുടെ കുടുംബമോ സൈന്യത്തിലാണെന്ന കാരണത്താലോ നിങ്ങൾ നിലവിൽ വിദേശത്താണ് താമസിക്കുന്നതെന്ന കാരണത്താലോ ആണ് നിങ്ങൾ അസാന്നിധ്യ ബാലറ്റിനായി അപേക്ഷിക്കുന്നതെങ്കിൽ, ഈ അപേക്ഷ ഉപയോഗിക്കരുത്. നിങ്ങൾ ഫെഡറൽ പോസ്റ്റ്കാർഡ് അപേക്ഷ (Federal Postcard Application , FPCA) ഉപയോഗിച്ച് അപേക്ഷിക്കുകയാണെങ്കിൽ നിങ്ങൾക്ക് പ്രത്യേക നിയമ വ്യവസ്ഥകൾക്ക് അർഹതയുണ്ട്. സൈനിക/വിദേശ വോട്ടിംഗിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്, നിങ്ങളുടെ പ്രാദേശിക ഇലക്ഷൻ ബോർഡുമായി ബന്ധപ്പെടുക അല്ലെങ്കിൽ സ്റ്റേറ്റ് ഇലക്ഷൻ ബോർഡിന്റെ വെബ്സൈറ്റിലെ സൈനിക, വിദേശ വോട്ടിംഗ് വിഭാഗം ഇനിപ്പറയുന്ന വിലാസത്തിൽ കാണുക:
https://elections.ny.gov/military-and-overseas-federal-voting

**നിങ്ങളുടെ അപേക്ഷ എപ്പോൾ, എവിടെയാണ് മടക്കി നൽകേണ്ടത്:**
വോട്ടർ അല്ലെങ്കിൽ വോട്ടറുടെ ഏജന്റ് ഏറ്റുവാങ്ങുന്ന അസാന്നിധ്യ ബാലറ്റിനുള്ള അപേക്ഷകൾ തിരഞ്ഞെടുപ്പിന് തലേദിവസം എങ്കിലും കൗണ്ടി ഇലക്ഷൻ ബോർഡിന് നേരിട്ട് സമർപ്പിക്കണം. മെയിൽ മുഖേന സമർപ്പിക്കപ്പെടുന്നതോ അല്ലെങ്കിൽ അസാന്നിധ്യ ബാലറ്റിനായി ഒരു വോട്ടർക്ക് മെയിലിൽ അയയ്ക്കുന്നതോ ആയ എല്ലാ അപേക്ഷകളും തിരഞ്ഞെടുപ്പിന് 10 ദിവസം മുമ്പെങ്കിലും കൗണ്ടി ഇലക്ഷൻ ബോർഡിൽ ലഭിക്കണം. നിങ്ങളുടെ കൗണ്ടി ഇലക്ഷൻ ബോർഡിന്റെ മേൽവിലാസം ഈ ഫോമിൽ നൽകിയിട്ടില്ലെങ്കിൽ, നിങ്ങളുടെ പ്രാദേശിക ഇലക്ഷൻ ഓഫീസിന്റെ കോൺടാക്റ്റ് വിവരങ്ങൾ ന്യൂയോർക്ക് സ്റ്റേറ്റ് ഇലക്ഷൻ ബോർഡിന്റെ വെബ്സൈറ്റിൽ ഇനിപ്പറയുന്ന വിലാസത്തിൽ കാണാം: https://publicreporting.elections.ny.gov/CountyBoardRoster/CountyBoardRoster

**നിങ്ങൾക്ക് രോഗമോ വൈകല്യമോ ഉണ്ടെങ്കിൽ നിങ്ങൾക്ക് ലഭ്യമായ ഓപ്ഷനുകൾ:**
നിങ്ങളുടെ രോഗമോ വൈകല്യമോ സ്ഥിരമാണെന്ന് സൂചിപ്പിക്കുന്ന ബോക്സ് നിങ്ങൾ അടയാളപ്പെടുത്തുകയാണെങ്കിൽ, നിങ്ങളുടെ അപേക്ഷ അംഗീകരിച്ചുകഴിഞ്ഞാൽ, വീണ്ടും അപേക്ഷിക്കാതെ തന്നെ, നിങ്ങൾക്ക് വോട്ടുചെയ്യാൻ അർഹതയുള്ള ഓരോ തിരഞ്ഞെടുപ്പിനും നിങ്ങൾക്ക് ഓട്ടോമാറ്റിക്കായി ഒരു ബാലറ്റ് ലഭിക്കുന്നതാണ്. അസാന്നിധ്യ ബാലറ്റ് അപേക്ഷയിൽ നിങ്ങൾക്ക് സ്വയം ഒപ്പിടാം, അല്ലെങ്കിൽ നിങ്ങൾക്ക് നിങ്ങളുടെ അടയാളം പതിപ്പിക്കുകയും അപേക്ഷയുടെ ചുവടെ നൽകിയിരിക്കുന്ന സ്ഥലങ്ങളിൽ നിങ്ങളുടെ അടയാളം സാക്ഷ്യപ്പെടുത്തുകയും ചെയ്യാവുന്നതാണ്. വോട്ടിംഗ് സംബന്ധമായ ഏത് ആവശ്യത്തിനും പവർ ഓഫ് അറ്റോർണി അല്ലെങ്കിൽ അച്ചടിച്ച നെയിം സ്റ്റാമ്പ് <u>അനുവദനീയമല്ലെന്നത്</u> ദയവായി ശ്രദ്ധിക്കുക.

പ്രിന്റ് വൈകല്യമുള്ള, അതായത് അച്ചടിച്ച ഉള്ളടക്കത്തിന്റെ ഫലപ്രദമായ വായന, എഴുത്ത് അല്ലെങ്കിൽ ഉപയോഗം എന്നിവ തടസ്സപ്പെടുത്തുന്ന ഏതെങ്കിലും വൈകല്യം ഉള്ളവരും, ആക്സസ് ചെയ്യാവുന്ന സവിശേഷതകളുള്ള ബാലറ്റ് ആവശ്യമുള്ളവരുമായ വോട്ടർമാർക്ക് ഒരു ആക്സസ് ചെയ്യാവുന്ന ബാലറ്റിനായി New York State ഇലക്ഷൻ ബോർഡിന്റെ ഇനിപ്പറയുന്ന വെബ്സൈറ്റിൽ അപേക്ഷിക്കാം: https://ballotapplication.elections.ny.gov/home/accessible

**നിങ്ങളുടെ ബാലറ്റ് എപ്പോഴാണ് അയയ്ക്കുന്നത്:**
നിങ്ങൾക്ക് വോട്ടുചെയ്യാൻ അർഹതയുള്ള ഫെഡറൽ, സ്റ്റേറ്റ്, കൗണ്ടി, സിറ്റി അല്ലെങ്കിൽ ടൗൺ തിരഞ്ഞെടുപ്പിന് 46 ദിവസം മുമ്പ് മുതൽ നിങ്ങളുടെ അസാന്നിധ്യ ബാലറ്റ് മെറ്റീരിയലുകൾ നിങ്ങൾക്ക് അയയ്ക്കുന്നതാണ്. ഈ തീയതിക്ക് ശേഷം നിങ്ങൾ അപേക്ഷിച്ചിട്ടുണ്ടെങ്കിൽ, നിങ്ങളുടെ പൂർത്തിയാക്കിയതും ഒപ്പിട്ടതുമായ അപേക്ഷ നിങ്ങളുടെ പ്രാദേശിക ഇലക്ഷൻ ബോർഡിന് ലഭിക്കുകയും പ്രോസസ്സ് ചെയ്യുകയും ചെയ്ത ഉടൻ തന്നെ നിങ്ങളുടെ ബാലറ്റ് അയയ്ക്കുന്നതാണ്. നിങ്ങളുടെ കൗണ്ടിയിൽ അല്ലെങ്കിൽ City of New York -ൽ നിങ്ങളുടെ സാന്നിധ്യമില്ലാത്ത സമയപരിധി വ്യക്തമാക്കുന്ന തീയതികൾ സെക്ഷൻ
2-ൽ നിങ്ങൾ നൽകുകയാണെങ്കിൽ, നിങ്ങൾ വ്യക്തമാക്കിയ സമയപരിധിക്കുള്ളിൽ സംഭവിക്കാനിടയുള്ള ഏതു പ്രൈമറി, ജനറൽ, പ്രത്യേക ഇലക്ഷൻ അല്ലെങ്കിൽ പ്രസിഡൻഷ്യൽ പ്രൈമറി ഇലക്ഷനു വേണ്ടിയും നിങ്ങൾക്ക് ഒരു ബാലറ്റ് അയയ്ക്കുന്നതാണ്. നിങ്ങൾക്ക് താൽപ്പര്യമുണ്ടെങ്കിൽ, ഉചിതം പോലെ, സെക്ഷൻ 6-ലും കൂടാതെ/അല്ലെങ്കിൽ സെക്ഷൻ 7-ലും ആവശ്യമായ വിവരങ്ങൾ പൂരിപ്പിച്ച്, നിങ്ങൾക്കു വേണ്ടി നിങ്ങളുടെ ബാലറ്റ് ഏറ്റുവാങ്ങാൻ ആരെയെങ്കിലും നിങ്ങൾക്ക് നിയോഗിക്കാവുന്നതാണ്. നിങ്ങളുടെ ബാലറ്റ് ലഭിച്ചിട്ടില്ലെങ്കിൽ, നിങ്ങളുടെ പ്രാദേശിക കൗണ്ടി ഇലക്ഷൻ ബോർഡുമായി ബന്ധപ്പെടുക.

**നിങ്ങളുടെ അപേക്ഷ എത്ര കാലം നിലനിൽക്കും:**
നിങ്ങൾ ഒരു സ്ഥിരമായ രോഗമോ വൈകല്യമോ സൂചിപ്പിച്ചിട്ടില്ലെങ്കിൽ, ഒരു നിശ്ചിത കലണ്ടർ വർഷത്തേക്ക്, നിങ്ങളുടെ അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന അല്ലെങ്കിൽ നിങ്ങൾ അസാന്നിധ്യം സൂചിപ്പിച്ച തീയതികളിൽ നടക്കുന്ന നിർദ്ദിഷ്ട തിരഞ്ഞെടുപ്പുകൾക്ക് മാത്രമേ നിങ്ങൾക്ക് അസാന്നിധ്യം ബാലറ്റ് ലഭിക്കൂ. സ്ഥിരമല്ലാത്ത എല്ലാ അപേക്ഷകരുടെയും കാര്യത്തിൽ, നിങ്ങൾ എല്ലാ വർഷവും ഒരു പുതിയ അപേക്ഷ സമർപ്പിക്കേണ്ടതാണ്.